# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10) 42/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ),തൃശ്ശൂർ

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10) 42/2022 തീയ്യതി: 22/03/2022

# തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 18-12-2021 | 27-12-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-12-2021 | 27-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷീന കെ ടി, ഓഡിറ്റ് ഓഫീസർ
ശ്രീ സിജു പി ഡാംസൺ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ് എം ജി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത ടി കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ
(ശ്രീമതി. സുമിത. ടി. എസ് 22/12/2021 വരെ, ശേഷിക്കുന്ന ടീമംഗങ്ങൾ എല്ലാവരും 24/12/2021 ന് ആകസ്മികാവധി ആയിരുന്നു.)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷിജു കെ കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഉണ്ണി പി ടി | സെക്രട്ടറി | 01-04-2019 | 01-05-2019 |
| ശ്രീ നിഫി എസ് ഹക്ക് | സെക്രട്ടറി | 02-05-2019 | 15-06-2019 |
| ശ്രീ ഉണ്ണി പി ടി | സെക്രട്ടറി | 15-06-2019 | 29-06-2019 |
| ശ്രീമതി സജിന സത്താർ | സെക്രട്ടറി | 29-06-2019 | 19-10-2019 |
| ശ്രീ ശങ്കരൻകുട്ടി | സെക്രട്ടറി | 19-10-2019 | 04-11-2019 |
| ശ്രീമതി സജിന സത്താർ | സെക്രട്ടറി | 04-11-2019 | 18-11-2019 |
| ശ്രീ ശങ്കരൻകുട്ടി കെ കെ | സെക്രട്ടറി | 18-11-2019 | 24-02-2020 |
| ശ്രീമതി സജിന സത്താർ | സെക്രട്ടറി | 24-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈനി സി വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 04-12-2019 |
| ശ്രീ രാജേഷ് സി ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ ഷാജു യു വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി എൽസി അഗസ്റ്റിൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ സോബി ജോർജ്ജ് | മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് | 01-04-2019 | 31-03-2020 |
| ശ്രീമതി സൗമ്യ വർഗ്ഗീസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അംബിക കെ കെ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ഷാബു ടി ആർ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ സെബിൻ പി എഫ് | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ അഭിലാഷ് വർമ്മ പി ഐ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 09-07-2019 |
| ശ്രീമതി കവിത വേലായുധൻ | വ്യവസായ വികസന ഓഫീസർ | 09-07-2019 | 06-03-2020 |
| ശ്രീ സാജൻ ജോസഫ് | വ്യവസായ വികസന ഓഫീസർ | 06-03-2020 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-8 |
| 9 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-9 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10 |
| 11 | ഡിമാന്റ് എൻട്രി 2 തവണ മാത്രം | 1-11 |
| 12 | വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-12 |
| 13 | വാടക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തമില്ല | 1-13 |
| 14 | മുൻകൂർ ലഭിച്ചത് പൊരുത്തപ്പെടുത്തിയിട്ടില്ല | 1-14 |
| 15 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-15 |
| 16 | രേഖകൾ ഇല്ലാതെ ജേണൽ എൻട്രി ചെലവ് എഴുതിത്തള്ളൽ | 1-16 |
| 17 | ജേണൽ എൻട്രികൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-17 |
| 18 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പുമായി തുല്യമല്ല | 1-18 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർണ്ണമാക്കിയിട്ടില്ല | 1-19 |
| 20 | അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല | 1-20 |
| 21 | Sale Of Empties And Waste Materials രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-21 |
| 22 | ബൈലോ പ്രകാരമുള്ള വാടക വർദ്ധനവ് വരുത്തിയില്ല | 1-22 |
| 23 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത (പ്രൊജക്ട് നമ്പർ 85/2019-20) | 1-23 |
| 24 | പാലിയേറ്റീവ് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-24 |
| 25 | മരുന്ന് ലഭ്യമായിട്ടില്ല | 1-25 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 27 | അംഗൻവാടി ഫീഡിംഗ് - തുക ചെലവഴിക്കാൻ ബാക്കിയുള്ളത് | 1-27 |
| 28 | SC - പഠനമുറി നിർമ്മാണം | 1-28 |

| | | |
|---|---|---|
| 29 | അംഗൻ വാടി പോഷകാഹാരം - 2 പദ്ധതികൾ നടപ്പിലാക്കിയതിനെക്കുറിച്ച് | 1-29 |
| 30 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-30 |
| 31 | വിനിയോഗസാക്ഷ്യപത്രം പ്രകാരം നീക്കിയിരിപ്പുള്ള തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-31 |
| 32 | പത്ര പരസ്യം, സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട്, ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നില്ല | 1-32 |
| 33 | ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങളിൽ വ്യത്യാസം - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25-2-2019 | 1(1) | 225476867 | 219321126 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 10-3-2020 | 2(1) | 218541277 | 212327785 |

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 03-06-2020 | 31-7-2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14164876.38 |
| വരവ് | 60660359 |
| ആകെ | 74825235.38 |
| ചെലവ് | 59942192 |
| നീക്കിയിരിപ്പ് | 14883043.38 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 51795000 | 35676497 | 16118503 |
| വികസനഫണ്ട്-എസ് സി പി | 15097000 | 9303956 | 5793044 |
| വികസനഫണ്ട്-ടി എസ് പി | 1922000 | 1526727 | 395273 |
| മെയിന്റനൻസ്-റോഡ് | 0 | 0 | 0 |
| മെയിന്റനൻസ്-റോഡിതരം | 769574 | 769574 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 154 | 82060100 | 74 | 46507180 | 69 | 11 | 56.67% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-7 ആഭ്യന്തര നിയന്ത്രണം

വാർഷികകണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് എങ്കിലും, വാടക രജിസ്റ്റർ ഓരോ വർഷത്തെയും മുൻബാക്കി ക്യാരി ഓവർ ചെയ്ത് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് പണി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും, ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനസജ്ജമായിട്ടില്ല. പദ്ധതികൾ സംബന്ധിച്ച് കൃത്യമായ അവലോകനം, പദ്ധതി നടത്തിപ്പ്, പുരോഗതി എന്നിവ ബ്ലോക്ക് പഞ്ചായത്ത് മീറ്റിംഗിൽ അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

## 1-8 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-9 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 718167.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2047322.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11 ഡിമാന്റ് എൻട്രി 2 തവണ മാത്രം

2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ 2 തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 1253574 | 10.7.19&28.12.19 | 411900015&41900023 |

## 1-12 വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

## 1-13 വാടക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തമില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

മുറി വാടക

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| വാടക രജിസ്റ്റർ | 1253574 | 800787 | 0 | 0 | 452787 |
| വാടക വാർഷികകണക്ക് | 1253574 | 647740 | 4400 | 0 | 510662 |

## 1-14 മുൻകൂർ ലഭിച്ചത് പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | വാടക | 350410401-Advance Collection Of Revenues-Rent From Buildings | 4400 |

## 1-15 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-16 രേഖകൾ ഇല്ലാതെ ജേണൽ എൻട്രി ചെലവ് എഴുതിത്തള്ളൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ)-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280600401-Prior Period Expenses-Recovery Of Unutilised Grats To Government | 313661.00 |
| 280800701-Prior Period- Miscellaneous Expenses | (29749640.00) |

## 1-17 ജേണൽ എൻട്രികൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-18 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പുമായി തുല്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി –4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100115 | TSC | 1022519 | 450610104 | SBT 101 | 1027124 |

## 1-19 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർണ്ണമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ ഷെഡ്യുൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-20 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല

അഡ്വാൻസ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-21 Sale Of Empties And Waste Materials രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

RP5ൽ 150120105 Sale Of Empties And Waste Materials ഇനത്തിലെ 31906 രൂപ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-22 ബൈലോ പ്രകാരമുള്ള വാടക വർദ്ധനവ് വരുത്തിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ അനക്സ് മുറികൾ 2019-20 സാമ്പത്തിക വർഷത്തിൽ മുൻ വാടകക്കാർക്കു തന്നെ ലേലം കൂടാതെ വാടകയ്ക്കു നൽകിയിട്ടുണ്ട്. ബൈലോപ്രകാരം, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻവാടകക്കാരനു തന്നെ ലേലം കൂടാതെ മുറികൾ വാടകയ്ക്ക് നൽകുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണെന്നും എന്നാൽ അധിക വാടക നിലവിലുള്ള വാടകയുടെ എറ്റവും കുറഞ്ഞത് 10% ആയിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 10% വർദ്ധനവ് എന്ന വ്യവസ്ഥ പാലിക്കാതെ മുറികൾ വാടകയ്ക്കു നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കാരൻ | പഴയ വാടക | പുതുക്കിയ വാടക | യഥാർത്ഥത്തിൽ നിശ്ചയിക്കേണ്ടിയിരുന്ന വാടക |
|---|---|---|---|---|---|
| 1 | 417 D | പ്രിൻസ്.എം.വി, മങ്കുടിയാൻ വീട്, തിരുമുടിക്കുന്ന് | 24400 | 25132 | 26840 |
| 2 | 417 E | ജിജോ, വടക്കുമ്പാടൻ, മുരിങ്ങൂർ | 15400 | 15862 | 16940 |
| 3 | 417 F | വർഗ്ഗീസ്, ആലൂക്ക വീട്, കൂടപ്പുഴ | 8200 | 8446 | 9020 |
| 4 | 417 G | വേലായുധൻ.പി.ആർ, പള്ളായി വീട്, എലിഞ്ഞിപ്ര | 9700 | 9991 | 10670 |

| | | | | | |
|---|---|---|---|---|---|
| 5 | 417 H | ജോയ്.എം.എ, മാളിയേക്കൽ വീട്, മുരിങ്ങൂർ | 12025 | 12386 | 13228 |
| 6 | 417 I | ലിന്റോമോൻ.കെ.എൽ, കുറ്റിക്കാടൻ വീട്, കുറ്റിച്ചിറ | 10950 | 11279 | 12045 |
| 7 | 417 J | ഡെയ്സൺ.കെ.ജെ, കടമ്പാടൻ വീട്, കുറ്റിച്ചിറ | 12250 | 12618 | 13475 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 15/27.12.2021) മറുപടി നൽകിയിട്ടില്ല. ബൈലോ അനുസരിച്ചു വാടക ഈടാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത (പ്രൊജക്ട് നമ്പർ 85/2019-20)

ബിൽ നമ്പർ –4/2019-20, തീയതി –31.12.2019, തുക –2,77,000/-

പ്രൊജക്ട് നമ്പർ 85/2019-20, ഷീ ഡൊമൈൻ വിവര സാങ്കേതിക സംരംഭക പദ്ധതി, വിവിധ തൊഴിൽ അധിഷ്ഠിത വായ്പ ബന്ധിത പദ്ധതി പ്രകാരം കാടുകുറ്റി പഞ്ചായത്തിലെ ഷീ ഡിസൈൻസ് എന്ന ജെ.എൽ.ജി ഗ്രൂപ്പിന് 277000/- രൂപ സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പിലെ അംഗങ്ങളായ ശ്രീമതി.ദിവ്യ വിമൽ, ശ്രീമതി.ശ്രീജ രാജേഷ് എന്നിവർ റേഷൻ കാർഡ് പ്രകാരം അന്നമനട ഗ്രാമപഞ്ചായത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 29/27.12.2021) ഇവർ കാടുകുറ്റി പഞ്ചായത്തിൽ താമസ്സക്കാരാണെന്നും കുടുംബശ്രീ അംഗങ്ങളാണെന്നും മറുപടി നൽകിയെങ്കിലും അടിസ്ഥാനമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ താമസക്കാരായവർക്കു മാത്രം ധനസഹായം നൽകുന്നുവെന്നത് ഉറപ്പു വരുത്തേണ്ടതാണ്. ഈ ആളുകൾ കാടുകുറ്റി ഗ്രാമപഞ്ചായത്തിൽ താമസക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 പാലിയേറ്റീവ് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രൊജക്ട് നമ്പർ –15/20

നിർവ്വഹണ ഉദ്യോഗസ്ഥൻ –സൂപ്രണ്ട്, സി.എച്ച്.സി എലിഞ്ഞിപ്ര

ബിൽ നമ്പർ –3/16.8.19, തുക – 250000/-

കൊരട്ടി, കോടശ്ശേരി, കാടുകുറ്റി, മേലൂർ, പരിയാരം പഞ്ചായത്തുകൾക്ക് 50000/- രൂപ വിഹിതം കൈമാറിയതിൽ കോടശ്ശേരി പഞ്ചായത്ത് മാത്രമേ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളൂ. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മരുന്ന് ലഭ്യമായിട്ടില്ല

പ്രൊജക്ട് നമ്പർ –15/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ –സൂപ്രണ്ട്, സി.എച്ച്.സി എലിഞ്ഞിപ്ര

ബിൽ നമ്പർ –15/07.09.19, തുക – 92452/-

10/12.11.19, തുക – 97504/-

PRF-874/29.8.19(92452/-) & PRF-1032/5.9.19 (97504/-) എന്നിവ പ്രകാരം മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അഡ്വാൻസായി നൽകി. PRF-874/29.8.19 പ്രകാരം 49051 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. PRF-1032/5.9.19 പ്രകാരമുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പ്രൊജക്ട് നമ്പർ –17/2020

ബിൽ നമ്പർ –1/18.10.19, തുക – 200000/-

PRF-1446/4.10.19 പ്രകാരമുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ –14/20

നിർവ്വഹണ ഉദ്യോഗസ്ഥൻ –സൂപ്രണ്ട്, സി.എച്ച്.സി എലിഞ്ഞിപ്ര

ബിൽ നമ്പർ –1/17.7.19, തുക – 450000

തുക – 482720/- (ട്രഷറി ബിൽ ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല)

മേൽ ബില്ലുകൾ പ്രകാരം 932720 രൂപ സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ ചാലക്കുടിക്ക് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കിഡ്നി രോഗികളുടെ ഡയലിസിസിനായി കൈമാറിയിട്ടുണ്ട്. (രസീത് നല്കിയിട്ടുണ്ട്) എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഇല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 അംഗൻവാടി ഫീഡിംഗ് - തുക ചെലവഴിക്കാൻ ബാക്കിയുള്ളത്

ഈ പദ്ധതിയിൽ ബ്ലോക്കിൽ വരുന്ന 6 പഞ്ചായത്തുകൾക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചതിൽ മേലൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയിൽ താഴെപറയും വിധം തുക ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുക വിനിയോഗിക്കുകയോ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ട് നമ്പർ, ബിൽ നമ്പർ, തീയതി, തുക | മേലൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക | 12.08.2020 ലെ എ2/3229/20 സാക്ഷ്യപത്ര പ്രകാരം വിനിയോഗിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 27/20, 01/19-20, 19.08.2019, 600000 | 100000 | 88570 | 11430 |

## 1-28 SC - പഠനമുറി നിർമ്മാണം

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി SC –പഠനമുറി നിർമ്മാണം എന്ന പദ്ധതിയിൽ അനന്തുകൃഷ്ണ, S/O രാജി അഭിലാഷ്, അജേഷ് നിവാസ്, കുറ്റിക്കാട് എന്ന ഗുണഭോക്താവിന് വികസനഫണ്ട് SCP യിൽ നിന്നും താഴെപറയും വിധം തുക നൽകിയിട്ടുണ്ട്. (പദ്ധതി നമ്പർ 22/20)

| ബിൽ നമ്പർ, തീയതി, ബിൽ തുക | അനന്തുകൃഷ്ണ എന്ന ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|
| 15/19-20, 16.10.2019, 180000 | 30000 |
| 22/19-20, 14.11.2019, 170000 | 60000 |
| 28/19-20,20.01.2020, 80000 | 80000 |
| ഗുണഭോക്താവിന് ആകെ അനുവദിച്ച തുക | 170000 |

ഗുണഭോക്തൃ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നാണ് കാണുന്നത്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താവിന് നൽകിയ ധനസഹായം തിരികെ പിടിച്ച് സഞ്ചിതനിധിയിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 3/23.12.2021)

## 1-29 അംഗൻ വാടി പോഷകാഹാരം - 2 പദ്ധതികൾ നടപ്പിലാക്കിയതിനെക്കുറിച്ച്.

2019-20 ൽ അംഗൻവാടി പോഷകാഹാരം എന്ന പഞ്ചായത്തുകളിലേയ്ക്ക് വിഹിതം കൈമാറുന്ന പദ്ധതിയിൽ 27/20, 174/20 എന്നീ പദ്ധതികളായി നടപ്പിലാക്കുകയും യഥാക്രമം 1100000, 500000 രൂപ ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിഹിതത്തിന് റികിഷൻ ലഭിച്ചതിനാലാണ് പുതിയ പദ്ധതി രൂപീകരിക്കേണ്ടി വന്നതെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് (04/22.12.2021) എൻക്വയറിക്ക് മറുപടി നൽകിയിരിയ്ക്കുന്നത്. പദ്ധതി ആസൂത്രണ വേളയിൽ തന്നെ ശ്രദ്ധചെലുത്തി, ഇപ്രകാരം ഒരേ രീതിയിൽ 2 പദ്ധതികൾ നടപ്പിലാക്കേണ്ടിവരുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-30 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായി, താഴെ പറയുന്ന പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ഹാജരാക്കിയില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം., പേര് | കൈമാറിയ പഞ്ചായത്ത് | കൈമാറിയ തുക | ബിൽ നം. തീയതി |
|---|---|---|---|
| 19/20-21, സമഗ്ര മാലിന്യസംസ്കരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | കാടുകുറ്റി ഗ്രാമപഞ്ചായത്ത് | 300000 | 14/19-20, Dt.8-7-2019 |
| | കൊരട്ടി ഗ്രാമപഞ്ചായത്ത് | 300000 | 22/19-20, Dt.23-7-2019 |
| | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 300000 | 38/19-20, Dt.19-9-2019 |
| 9/20-21, ആശ്രയ വിഹിതം നൽകൽ | കൊരട്ടി ഗ്രാമപഞ്ചായത്ത് | 100000 | 13/19-20, Dt.5-8-19 |
| | മേലൂർ ഗ്രാമപഞ്ചായത്ത് | 100000 | 13/19-20, Dt. 5-8-19 |
| ക്യാൻ തൃശൂർ-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | തൃശൂർ ജില്ലാ പഞ്ചായത്ത് | 120000 | 41/19-20, Dt. 19-9-19 |
| 6/19-20 ലൈഫ് ജനറൽ | കൊരട്ടി ഗ്രാമപഞ്ചായത്ത് | 1000000 | 17/19-20, Dt. 6-7-19 |
| | മേലൂർ ഗ്രാമപഞ്ചായത്ത് | 1800000 | |
| 7/19-20 ലൈഫ് എസ്.സി | മേലൂർ ഗ്രാമപഞ്ചായത്ത് | 500000 | 18/19-20, Dt. 6-7-19 |
| | അതിരപ്പിള്ളി | 100000 | 33/19-20, Dt. 27-8-19 |

മേൽ പഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-31 വിനിയോഗസാക്ഷ്യപത്രം പ്രകാരം നീക്കിയിരിപ്പുള്ള തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്തുകൾക്ക് വിവിധ പദ്ധതികൾക്കായി കൈമാറിയ തുകയിൽ നീക്കിയിരിപ്പുള്ളതായി അതാത് പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകൾ നൽകിയ വിനിയോഗസാക്ഷ്യപത്രത്തിൽ നിന്നും വ്യക്തമാകുന്നു. വിനിയോഗശേഷം ബാക്കിയുള്ള തുക പഞ്ചായത്തുകളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം, പേര് | കൈമാറിയ പഞ്ചായത്ത് | കൈമാറിയ തുക | ബിൽ നം, തീയതി | വിനിയോഗിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| 30/19-20, തേജസ് നഗർ റോഡ് | കൊരട്ടി ഗ്രാമപഞ്ചായത്ത് | 200000 | 12/19-20, Dt.5-7-19 | 199514 | 486 |

| | | | | | | |
|---|---|---|---|---|---|---|
| നിർമാണം | | | | | | |
| 29/19-20, അക്ഷയ റോഡ് നിർമാണം | കൊരട്ടി ഗ്രാമപഞ്ചായത്ത് | 200000 | 10/19-20, Dt.5-7-19 | 199481 | 519 |
| 41/19-20, ഗംഗാധർ റോഡ് നിർമാണം | കൊരട്ടി ഗ്രാമപഞ്ചായത്ത് | 500000 | 11/19-20, Dt.5-7-19 | 420000 | 80000 |
| 26/19-20, ചെമ്പൻകുന്ന് കുടിവെള്ള പദ്ധതി | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 300000 | 36/19-20, Dt.19-9-19 | 109005 | 190995 |
| 25/19-20 ശുചിമുറി സമുച്ചയം | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 500000 | 35/19-20, Dt.19-9-19 | 398642 | 101358 |
| 92/19-20 പീലാർമുഴി എൻ എസ് എസ് ഫീൽഡ് ചാനൽ | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 300000 | 34/19-20, Dt.19-9-19 | 0 | 300000 |

## 1-32 പത്ര പരസ്യം, സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട്, ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നില്ല

ജി ഒ (ആർ ടി)01/11 ഐ & പി ആർ ഡി, തി.4-1-2011, ജി ഒ (ആർ ടി) 288/14/ഐ & പി ആർഡി,തി. 10-9-14 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാനപത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരസ്യചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായില്ല.

സർക്കാർ ഉത്തരവ് പ്രകാരമുള്ള, 15% ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികം അനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കുകയോ ഭാവിയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ വൗച്ചർ നം | തുക | പത്രം |
|---|---|---|---|
| 1 | 40/19-20, Dt. 19-9-19, | 7728 | ദേശാഭിമാനി |
| 2 | 47/19-20, Dt. 30-10-19 | 5796 | ദേശാഭിമാനി |
| 3 | 64/19-20, Dt. 12-2-20 | 9660 | ദേശാഭിമാനി |
| | | 31752 | മാതൃഭൂമി |
| 4 | 69/19-20, Dt. 12-3-20 | 7728 | ദേശാഭിമാനി |
| 5 | 76/19-20, Dt. 30-3-20 | 7728 | ദേശാഭിമാനി |
| 6 | 63/19-20, Dt. 13-2-20 | 13524 | ദേശാഭിമാനി |

## 1-33 ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങളിൽ വ്യത്യാസം - ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം. 106/20, ബ്ലോക്ക് പഞ്ചായത്തിലേക്ക് ഫർണീച്ചറും അനുബന്ധ സൗകര്യങ്ങളും എന്നതിൽ, ആർട്ട്കോ ലിമിറ്റഡിന്റെ, 26-3-2019 ലെ ഇൻവോയ്സ് നം. 90 പ്രകാരം, 3654 + GST, നിരക്കിൽ, 192, Computer Chair With Arm Revolving Manual Lifting Cushion Seat And Back (Plastic Type) എണ്ണം സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള കസേരയ്ക്ക് പകരം, Chair With Cushion Seat And Back കസേരയാണ് സപ്ലൈ ചെയ്തിരിക്കുന്നത്. ഇൻവോയ്സിൽ പറഞ്ഞിരിക്കുന്ന കസേരയേക്കാൾ വിലനിലവാരം കുറഞ്ഞ കസേരയാണ് സപ്ലൈ ചെയ്തിരിക്കുന്നത് എന്നത് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇത് സംബന്ധിച്ച് ആർട്ട്കോയുമായി കത്തിടപാടുകൾ നടത്തിയതായി മറുപടി നൽകിയിട്ടുണ്ട്. വ്യക്തമായ വിശദീകരണം നൽകുന്നത് വരെ ചെലവ് തുക, 827850/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ബിൽ നം. 3/19-20, Dt. 29-4-19, Amt. 827850/-)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | 2019-20 | 1200000 | അരൂർമുഴി എൽ ഐ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 969700 | 230300 |
| കൊരട്ടി ഗ്രാമപഞ്ചായത്ത് | 2019-20 | 20000 | പി എം എ വൈ എസ് സി | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 392000 | പി എം എ വൈ എസ് സി | 392000 | 0 |
| | | 588000 | പി എം എ വൈ ജനറൽ | 588000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 98000 | പി എം എ വൈ ജനറൽ | 98000 | 0 |
| മേലൂർ ഗ്രാമപഞ്ചായത്ത് | 2019-20 | 140000 | പി എം എ വൈ എസ് സി | 140000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | അരൂർമുഴി എൽ ഐ പൈപ്പ് ലൈൻ ലെയിംഗ് | 997442 | 2558 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം തുകയൊന്നും ഡെപ്പോസിറ്റ് വർക്കിനായി നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്.

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്.

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | | 2006-07 | 3.55.1 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| | | | 3.55.2 | | |
| | | | 3.55.3 | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,06,60,359 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59942192 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1304850 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 277000 | കവിതാവേലായുധൻ, ഐ.ഇ.ഒ, ചാലക്കുടി |
| 1-24 | 200000 | സോബി ജോർജ്, സൂപ്രണ്ട്, സി.എച്ച്.സി എലിഞ്ഞിപ്ര |
| 1-33 | 827850 | ഉണ്ണി.പി.ടി, സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സോബി ജോർജ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി എലിഞ്ഞിപ്ര | വളവിൽ ഹൗസ്, ആർ.എം.എസ് റോഡ്, ചാലക്കുടി |
| കവിതാവേലായുധൻ, ഐ.ഇ.ഒ, ചാലക്കുടി | വെള്ളങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | ഏരിയൽ വീട്, വെള്ളാംചിറ.പി.ഒ, താഴെക്കാട് – 680697 |
| ഉണ്ണി.പി.ടി, സെക്രട്ടറി | റിട്ടയർ ചെയ്തു | പാടത്ത് ഹൗസ്, പൊയ്യ, കൊടുങ്ങല്ലൂർ – 680733 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96, 96-97, 97-98, 98-99 | എൽ.എഫ്.എ.ടി.7-375/99 തി.3/11 /2000/7/4/01 | |
| 99-2000 | എൽ.എഫ്.എ.ടി.14-211/2000 തി.06/06/2002 | |
| 2000-01 | എൽ.എഫ്.എ.ടി.14-501/2004 തി.28/10 /2004/5/1/2005 | |
| 2001-2002 | എൽ.എഫ്.എ.ടി.14-504/2004 തി.28/10 /2004/11/05/2005 | |
| 2002-2003 | എൽ.എഫ്.എ.ടി.14-454/2006 തി.19/06 /2006/03/01/2007 | |
| 2003-2004 | എൽ.എഫ്.എ.ടി.14-453/2006 തി.20/06 /2006/03/01/2007 | |
| 2004-2005 | എൽ.എഫ്.എ.ടി.14-2152/2007 തി.21/02/2007 | |
| 2005-2006 | എൽ.എഫ്.എ.ടി.21-2367/2007 തി.21/02 /2009/5/5/2009 | |
| 2006-2007 | എൽ.എഫ്.എ.ടി.(ബി.പി.)-882/11 തി.01/12/2011 | |
| 2007-2008 | എൽ.എഫ്.എ.ടി.(ബി.പി.)-883/11 തി.01/12/2011 | |
| 2008-2009 | എൽ.എഫ്.എ.ടി.(ബി.പി.)-884/11 തി.01/12/2011 | |
| 2009-2010 | എൽ.എഫ്.എ.ടി.(ബി.പി.)-885/11 തി.01/12/2011/31/0312 | |

| | | |
|---|---|---|
| 2010-2011 | എൽ.എഫ്.എ.ടി.(ബി.പി.)-2279/12 തി.4/3/13/15/6/13 | |
| 2011-2012 | എൽ.എഫ്.എ.ടി.(ബി.പി.)-1670/13 തി.02/04/14/11/7/14 | |
| 2012-2013 | എൽ.എഫ്.എ.ടി.(ബി.പി.)-1710/2014 തി.12/01/2015/6/5/2015 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (ബിപി2)1703/15 തിയ്യതി.01.01.16/03.02.16 | |
| 2014-2015 2015-2016 | കെ.എസ്.എ.ടി.എസ്.ആർ. (ബിപി2)638/17 തിയ്യതി.18.5.2017 | |
| 2016-2017 | കെ.എസ്.എ.ടി.എസ്.ആർ. (ബി.പി.1)1732/2017/തിയ്യതി 4.12.2017/11/1/18 | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ. (ബി.പി.1)1958/18 തീയതി :11.02.2019 | |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി 2)960/19, തിയ്യതി:02.08.2019 | |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്